9 (3138) പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഉന്നമനം

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽ തന്നെ ഏറ്റവും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളെ ഉദ്ധരിക്കുവാനുതകുന്ന ഒരു പദ്ധതി ആവിഷ്കരിക്കുമോ;

(ബി) സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകളിൽ പട്ടികജാതി വിഭാഗക്കാർക്ക് പ്രവേശനം ലഭിക്കുന്നവിധം അവർക്കുവേണ്ടി പ്രത്യേക പരിശീലന ക്ലാസ്സുകൾ ഏർപ്പെടുത്താനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുമോ;

(സി) പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഉന്നമനം സംബന്ധിച്ച ഒരു ധവള പത്രം പ്രസിദ്ധീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന പ്രാക്തന ഗോത്ര വിഭാഗത്തിൽപ്പെട്ടവരുടെയും അടിയപണിയ വിഭാഗത്തിൽപ്പെട്ടവരുടെയും ഉന്നമനത്തിനായുള്ള പദ്ധതികൾ ഇപ്പോൾ തന്നെ നിലവിലുണ്ട്.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിപ്പിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പ്രൊഫഷണൽ കോളേജുകളിൽ പ്രവേശന പരീക്ഷയ്ക്കുവേണ്ട പരിശീലന ക്ലാസ്സുകൾ നടത്തുന്നുണ്ട്. പട്ടിക ജാതി വികസന വകുപ്പിന്റെ കീഴിലുള്ള പി.ഇ.ടി.സി. മുഖേന നടത്തുന്ന പരിശീലനത്തിന് പട്ടികവർഗ്ഗക്കാരെ കൂടി ഉൾപ്പെടുത്താറുണ്ട്.

(സി) പരിശോധിക്കുന്നതാണ്.

10 (3139) എൽ.ബി.എസ്., റിപ്രോഗ്രാഫിക് സെന്റർ, ഐ.എച്ച്.ആർ.ഡി.ഇ. തുടങ്ങിയ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സംവരണം

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാരിന് നിയന്ത്രണമുള്ള എൽ.ബി.എസ്., റിപ്രോഗ്രാഫിക് സെന്റർ, ഐ.എച്ച്.ആർ.ഡി.ഇ. തുടങ്ങിയ ആട്ടോണമസ് സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സംവരണതത്വങ്ങൾ ശരിയായി പാലിക്കപ്പെടുന്നുണ്ടോ;

(ബി) എങ്കിൽ ഈ സ്ഥാപനങ്ങളിൽ നിലവിലുള്ള ജീവനക്കാരിൽ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട എത്ര ജീവനക്കാർ വീതമാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇത് ആകെ ജീവനക്കാരുടെ എത്ര ശതമാനം വീതമാണെന്ന് വ്യക്തമാക്കുമോ;

(ഡി) സംവരണതത്വം പാലിച്ചിട്ടില്ലെങ്കിൽ അതിനെതിരെ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

LIBRARY ARCHIVES Kerala Legislative Assembly

(എ) സംവരണ തത്വങ്ങൾ ശരിയായി പാലിക്കപ്പെടുന്നില്ലെന്നാണ് മനസ്സിലായിട്ടുള്ളത്.

(ബി) ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിൽ 43 പട്ടിക ജാതിക്കാരും ഐ.എച്ച്.ആർ.ഡി.ഇ. യിൽ 51 പട്ടിക ജാതിക്കാരും ഒരു പട്ടിക വർഗ്ഗ ജീവനക്കാരനും എൽ.ബി.എസി ൽ 5 പേർ പട്ടികജാതി വിഭാഗത്തിലു ള്ളവരാണ്.

(സി) ആഡിയോവിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിൽ 4.41 ശത മാവും ഐ.എച്ച്.ആർ.ഡി.ഇ. യിൽ 6.45 ശതമാനവും എൽ.ബി.എസിൽ 5 ശതമാനവുമാണ്.

(ഡി) സംവരണതത്വം ശരിയായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരു ത്താൻ വാർഷിക അവലോകനം നടത്തി കുറവ് നികത്താൻ വേണ്ട നടപടി കൾ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നു.

11 (3140) പട്ടികജാതി - പട്ടികവർഗ്ഗ നിയമ വിദ്യാർത്ഥികൾ

ശ്രീ. പി.കെ. കുമാരൻ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീമതി എൻ.കെ രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട നിയമ വിദ്യാർത്ഥികൾ കുറഞ്ഞുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ;

(ബി) എങ്കിൽ ഈ പ്രവണത അവസാനിപ്പിക്കാനും പ്രസ്തുത വിഭാ ഗങ്ങളിലെ നിയമവിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുവാനും സർക്കാർ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങി വിജയിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ നിയമവിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കാൻ സർക്കാർ ഡോക്ടർ അംബേദ്കർ സ്മാരക സ്വർണ്ണമെഡൽ നൽകാൻ തീരു മാനിച്ചുവോ; എങ്കിൽ എന്ന്;

(ഡി) സംസ്ഥാനത്ത് ഇതിനകം എത്ര വിദ്യാർത്ഥികൾക്ക് പ്രസ്തുത മെഡൽ നൽകി എന്ന് വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്ത് എസ്.എസ്.എൽ.സി. പ്രീ-ഡിഗ്രി, പ്ലസ്-ടു എന്നീ പരീക്ഷകളിൽ കൂടുതൽ മാർക്കോടെ വിജയികളാകുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്കുകൂടി ഡോ. അംബേദ്കർ സ്മാരക സ്വർണ്ണമെഡൽ നൽകുന്ന പദ്ധതി ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly